"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല -കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ജോമി മാത്യുവിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.3049/2025/LSGD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പാലക്കാട് ജില്ലാ ഓഫീസറുടെ 07.07.2021ലെ PIV(1)82/2017/(11(1) നമ്പർ നിയമന ശിപാർശ
2. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.08.2021ലെ ഇ4-21/2021 നമ്പർ നടപടിക്രമങ്ങൾ
3. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.01.2023ലെ ഡിഡിപി /പി കെഡി /43/2023-ഇ4 നമ്പർ നടപടിക്രമങ്ങൾ
4. തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 12.06.2025ലെ LSGD/JD/PKD/3374/2025-A4 നമ്പർ നടപടിക്രമങ്ങൾ
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.10.2025ലെ LSGD/PD/23153/2025-DEC4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ജോമി മാത്യുവിന്റെ നിരീക്ഷണകാലം 18.08.2024 മുതൽ 16.10.2024വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2.പരാമർശം (1), (2) എന്നിവ പ്രകാരം 18/08/2021 -ന് സേവനത്തിൽ പ്രവേശിച്ച ശ്രീ. ജോമി മാത്യു-വിന്റെ സേവനം പരാമർശം (3) പ്രകാരം 18/08/2021 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ട്. ശ്രീ. ജോമി മാത്യു -ന്റെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും സേവനം തൃപ്തികരമാണെന്നും ടിയാൻ നിരീക്ഷണകാലത്തെ ബാധിക്കുന്ന അവധികൾ ഒന്നും തന്നെ എടുത്തിട്ടില്ല എന്നും കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. . ശ്രീ. ജോമി മാത്യുവിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ നിരീക്ഷണ കാലയളവ് 18/08/2023 മുതൽ 17/08/2024 വരെ പരാമർശം (4) പ്രകാരം ഒരു വർഷം

ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാൻ SLI, GIS, KPEPF എന്നിവയിൽ അംഗത്വമെടുക്കുകയും 14/10/2024 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 14.10.2024 -ൽ എം ഒ പി പരീക്ഷ പാസ്സായ പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ജോമി മാത്യുവിന്റെ പ്രൊബേഷൻ 15.10.2024 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 18.08.2024 മുതൽ 16.10.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പാലക്കാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.ജോമി മാത്യു , ക്ലർക്ക് , കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.282/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 24-12-2025 14:40:05